LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി : സർ, ഇപ്പോൾ തന്നെ കൂടണം.....(ബഹളം).....

മി. സ്പീക്കർ: ധനകാര്യം, സഭാ നടപടികളിലേയ്ക്ക് കടക്കുകയാണ്..... (ബഹളം).....

ശ്രീ. എ. കെ. ആന്റണി : സർ, ഇപ്പോൾ തന്നെ യോഗം കൂടണം.

മി. സ്പീക്കർ: ഉടനേ തന്നെ കൂടാമെന്നു പറഞ്ഞല്ലോ, തോക്കിനകത്തു കയറി വെടിവയ്ക്കേണ്ട. ഇതൊക്കെ നമുക്കറിയാം. സഭാ നടപടികളിലേയ്ക്ക് കടക്കുകയാണ്.

III ധനകാര്യം

2000-2001 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): സർ, 2000-2001 സാമ്പത്തിക വർഷത്തേയ്ക്കുള്ള പരിഷ്കരിച്ച വാർഷിക ധനവിവരണ പത്രികയും വൈദ്യുത പദ്ധതികൾ എന്ന XXXIX -ാം നമ്പർ ധനാഭ്യർത്ഥനയിൽ മാറ്റം വരുത്തിക്കൊണ്ടുള്ള പുതുക്കിയ ധനാഭ്യർത്ഥനയും വ്യതിയാന പത്രികയും ഞാൻ സമർപ്പിക്കുന്നു. *

സഭയുടെ വോട്ടിനുവേണ്ടി സമർപ്പിക്കുന്ന ധനാഭ്യർത്ഥനകളുടെ ലിസ്റ്റ്

(2000 ജൂൺ 27-ാം തീയതിയിലെ കാര്യവിവരപ്പട്ടിക കാണുക).

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 2000-2001				
		27-3-2000-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	ആകെ (രൂപ)
(1)	(2)	(3)	(4)	(5)	(6)	(7)
XXII	നഗരവികസനം	56,07,85,000	10,56,67,000	1,12,15,71,000	21,13,33,000	1,33,29,04,000
XXXV	പഞ്ചായത്ത്	3,13,82,83,000	33,33,000	6,27,65,66,000	66,67,000	6,28,32,33,000

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ, നഗരവികസനം എന്ന XXII -ാം നമ്പർ ധനാഭ്യർത്ഥനയുടേയും പഞ്ചായത്ത് എന്ന XXXV -ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2000-2001 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അങ്ങേയ്ക്ക് സ്റ്റേറ്റ്മെന്റ് അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): നിയമസഭാ ചട്ടം 236(3) അനുസരിച്ച് ഡിമാൻഡ് നമ്പർ XXII -നഗരവികസനം, ഡിമാൻഡ് നമ്പർ XXXV -പഞ്ചായത്ത് എന്നിവ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു. †

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തി കൊണ്ടിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല, ധനാഭ്യർത്ഥനകളുടെമേൽ ചർച്ച ഉണ്ടായില്ല.)

മി. സ്പീക്കർ: കട്ട് മോഷനുകൾ ഇല്ല. പൊതു ചർച്ചയില്ല. മറുപടിയുമില്ല.

നഗരവികസനം എന്ന XXII -ാംനമ്പർ ധനാഭ്യർത്ഥനയുടേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യ വിവർപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2000-2001 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ധനാഭ്യർത്ഥനകൾ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തിരിക്കുന്നു.

ഓർഡർ, ഓർഡർ, ഉടനെതന്നെ കക്ഷിനേതാക്കളുടെ യോഗം ചേരുന്നതിനു വേണ്ടി തീരുമാനിച്ചിട്ടുണ്ട്. ഇതൊരു അറിയിപ്പായി ഈ സഭയിൽ നടത്തുകയാണ്. കക്ഷിനേതാക്കളുടെ യോഗം ബി.എ.സി. റൂമിൽ ചേരുന്നതാണ്.

ഓർഡർ, ഓർഡർ....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതാണ്.

(2000 ജൂൺ മാസം 28-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.55 ന് പിരിഞ്ഞു).

† അനുബന്ധം IX, IX A

LIBRARY ARCHIVES Kerala Legislative Assembly

യന്ത്രസാമഗ്രികളുടെ മേന്മ ഉറപ്പുവരുത്തുന്നതിനായി പെനാൽട്ടി വ്യവസ്ഥയും, തർക്കങ്ങൾക്ക് പരിഹാരം കാണുന്നതിനായി കേരള സംസ്ഥാന പവർ പ്രിൻസിപ്പൽ സെക്രട്ടറിയെ തർക്ക പിരഹാര ബോർഡ് ആയി നിയമിച്ചു കൊണ്ടുള്ള വ്യവസ്ഥയും കരാറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

അനുബന്ധം- IX

സബ്ജക്ട് കമ്മറ്റി - IX

തദ്ദേശ സ്വയഭരണവും സഹകരണവും

2000-2001-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് അഞ്ചാമത് റിപ്പോർട്ടിൻമേൽ ധനകാര്യമന്ത്രിയുടെ പ്രസ്താവന

ധനാഭ്യർത്ഥന XXII - നഗരവികസനം

ക്രമ നമ്പർ	കമ്മറ്റിയുടെ ശുപാർശ ഖണ്ഡിക നമ്പർ	മറുപടി
1	3	സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഈ ശുപാർശ പരിഗണിക്കുന്നതാണ്.
2	4	ഈ ശുപാർശ പരിശോധിക്കുന്നതാണ്.
3	5	ബജറ്റുപ്രസംഗം 2000-2001 ഖണ്ഡിക 27 പ്രകാരം പരാമർശ ശുപാർശ ചെലവുകൾക്ക് ആയി 15 ലക്ഷം രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പിൽ നിന്നും നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ധനകാര്യമന്ത്രി അംഗീകരിച്ചത്

ജോയിന്റ് സെക്രട്ടറി (ധനകാര്യ വകുപ്പ്)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-IX A

നമ്പർ 5099/ബ.വി.ജെ.2/2000/ധന.

സബ്ജക്ട് കമ്മറ്റി - IX

തദ്ദേശ സ്വയഭരണവും സഹകരണവും

2000-2001-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് അഞ്ചാമത് റിപ്പോർട്ടിൻമേൽ ധനകാര്യ മന്ത്രിയുടെ പ്രസ്താവന

ധനാഭ്യർത്ഥന XXXV - പഞ്ചായത്ത്

ക്രമ നമ്പർ	കമ്മറ്റിയുടെ ശുപാർശ ഖണ്ഡിക നമ്പർ	മറുപടി
1	ഖണ്ഡിക : 10	ആവശ്യമായ അധിക തുക ധനപുനർ വിനിയോഗം വഴി അനുവദിക്കുന്നകാര്യം പരിഗണിക്കാവുന്നതാണ്.
2	ഖണ്ഡിക : 11	ധനപുനർവിനിയോഗം വഴി അധിക തുക അനുവദിക്കുന്നകാര്യം പരിഗണിക്കാവുന്നതാണ്.
3	ഖണ്ഡിക : 12	അധിക തുക നൽകുവാൻ സർക്കാരിന്റെ സ്ഥിതി അനുകൂലമല്ല.
4	ഖണ്ഡിക : 13	അധിക തുക അനുവദിക്കുവാൻ സർക്കാരിന്റെ സാമ്പത്തിക നില അനുകൂലമല്ല.
5	ഖണ്ഡിക : 14	പദ്ധതി തുക നശ്ചയിച്ചിരിക്കുന്നത് വിഭവ സമാഹരണവുമായി ബന്ധപ്പെടുത്തി ആകയാൽ കൂടുതൽ തുക അനുവദിക്കുവാൻ നിർവ്വാഹമില്ല. (ഇതിനുള്ള തുക XXXVI - സാമൂഹ്യവികസന ധനാഭ്യർത്ഥനയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്)
6	ഖണ്ഡിക : 15	വാഹനം വാങ്ങുന്നതിനായി കൂടുതൽതുക അനുവദിക്കുവാൻ സാമ്പത്തിക നില അനുകൂലമല്ല.

ധനകാര്യമന്ത്രി അംഗീകരിച്ചത്

ജോയിന്റ് സെക്രട്ടറി

946/2010

LIBRARY ARCHIVES Kerala Legislative Assembly